KERALA STATE OPEN SCHOOL
A wing of State Council of Educational Research and Training (SCERT)
Vidyabhavan, Poojappura, Thiruvananthapuram - 695 012
KSOS
Phone: 0471-2348581, 2340323 (O) Fax : 0471-2341869
www.openschool.kerala.gov.in email: ksos8581bsnl.in

No.A2 /598/10/KSOS/SCERT Date: 16.07.2010

# ഓപ്പൺ സ്കൂൾ രജിസ്ട്രേഷൻ റദ്ദാക്കൽ

## നടപടിക്രമങ്ങൾ

ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്ത വിദ്യാർഥിക്ക് ഏതെങ്കിലും കാരണത്താൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെങ്കിൽ തെരഞ്ഞെടുത്ത എസ്.ബി.ടി ശാഖയിൽ ക്യാൻസലേഷൻ ഫീസായ 150/- രൂപ ഒടുക്കിയ ഓപ്പൺ സ്കൂൾ ചെലാൻ സഹിതം അപേക്ഷ സ്റ്റേറ്റ് കോഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഒന്നും രണ്ടും വർഷ ഹയർസെക്കന്ററി പൊതു പരീക്ഷകൾക്ക് ഫീസ് ഒടുക്കിയ വിദ്യാർഥിയുടെ രജിസ്ട്രേഷൻ ഓപ്പൺ സ്കൂൾ റദ്ദ് ചെയ്ത് നൽകുന്നതിന്, ഹയർസെക്കന്ററി ഡയറക്ടറേറ്റ് അനുവദിക്കുന്ന പരീക്ഷാ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടുള്ള മെമ്മോ ഹാജരാക്കേണ്ടതാണ്. ഒന്നാം വർഷ പരീക്ഷാ ഫീസ് ഒടുക്കാത്ത വിദ്യാർഥികൾ പരീക്ഷാ കേന്ദ്രമായി അനുവദിച്ച സ്കൂൾ പ്രിൻസിപ്പാളിൽ നിന്നും പരീക്ഷ 'ഫീസ് ഒടുക്കിയിട്ടില്ല' എന്ന സാക്ഷ്യപ്പെടുത്തി കൊണ്ടുള്ള കത്ത്, സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് ഹയർ സെക്കണ്ടറി പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾ എസ്.എസ്.എൽ.സി സർട്ടിഫിക്കേറ്റ്, ടി.സി എന്നിവയുടെ അസലും, ഓപ്പൺ റഗുലർ വിദ്യാർഥികൾ അസൽ എസ്.എസ്.എൽ.സി സർട്ടിഫിക്കേറ്റും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**സ്റ്റേറ്റ് കോഡിനേറ്റർ (ഇൻ-ചാർജ്)**